(ഡി) സമ്മാനം അവകാശപ്പെട്ടവരുടെ പേരുവിവരം മാത്രമേ ലഭ്യമായിട്ടുള്ളൂ. സമ്മാനം അവകാശപ്പെടാത്തവരുടെ പേരുവിവരം ലഭ്യമല്ല.

2002-2003 ലെ സെയിൽസ് ടാക്സ് വരുമാനം

18 (1070) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 വർഷത്തെ സെയിൽസ് ടാക്സ് വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷത്തെ നികുതി ഇതര വരുമാനം എത്ര ;

(സി) വനം, സ്റ്റാമ്പ്, രജിസ്ട്രേഷൻ, എക്സൈസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളിലെ പ്രസ്തുത വർഷത്തെ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5380.63 കോടി രൂപ

(ബി) 596.08 കോടി രൂപ (താൽക്കാലിക കണക്ക്)

(സി) 2002-2003 സാമ്പത്തികവർഷം വനം വകുപ്പിന്റെ വരുമാനം 153.85 കോടി രൂപയും, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 395.90 കോടി രൂപയും, രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 131.05 കോടി രൂപയും, എക്സൈസ് വകുപ്പിന്റെ വരുമാനം 656.49 കോടി രൂപയും, മോട്ടോർ വാഹന വകുപ്പിലെ മൊത്ത വരുമാനം 490.72 കോടി രൂപയുമാണ്.

പാലിന് എൻട്രി ടാക്സ്

19 (1071) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാലുല്പാദകർ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തണമെന്ന് നിരന്തരം ആവശ്യപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) നിലവിൽ പാൽ കേരള പൊതു വില്പന നികുതി നിയമത്തിൽ മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും നികുതി ഒഴിവുള്ളതും ആയ ഒന്നാണ്. പാലിന് പ്രവേശന നികുതി ഏർപ്പെടുത്തുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly